# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/56/2017 പത്രക്കുറിപ്പ് 2017 മാർച്ച് 15

**അപേക്ഷാതീയതി നീട്ടി.**

വിജ്ഞാപന സമയത്ത് ഫലം പ്രഖ്യാപിക്കാത്ത സ്കൂൾ ഓഫ് ഡിസ്റ്റൻസ് എജ്യൂക്കേഷനിലെ (ഓഫ് കാമ്പസ്) വിദ്യാർത്ഥികൾക്ക് പരീക്ഷകൾക്ക് പിഴയില്ലാതെ മാർച്ച് 20 വരെ അപേക്ഷിക്കാം.

**സൂപ്പർഫൈൻ അപേക്ഷാതീയതി നീട്ടി**

ഓഫ് കാമ്പസ് വിദ്യാർത്ഥികൾക്ക് സൂപ്പർഫൈനോടു കൂടി ഏപ്രിൽ 2017 പരീക്ഷകൾക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി മാർച്ച് 17 വരെയാക്കി പുനർനിശ്ചയിച്ചു.

**പരിക്ഷാതിയതി**

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ രണ്ടാം സെമസ്റ്റർ എം.ഫിൽ (സി.എസ്.എസ്) ഡിഗ്രി പ്രോഗ്രാം 2015-16 പരിക്ഷകൾ ഏപ്രിൽ 4, 11 തീയതികളിൽ നടത്തും. അപേക്ഷകൾ പിഴയില്ലാതെ ഏപ്രിൽ 3 വരെയും 50 രൂപ പിഴയോടെ 5 വരെയും സ്വീകരിക്കും.

**പ്രാക്ടിക്കൽ പരീക്ഷ**

തൃപ്പൂണിത്തുറ ആർ.എൽ.വി കോളേജിലെ നാല്, ആറ് സെമസ്റ്റർ ബി. എ മ്യൂസിക്-മൃദംഗം (സി.ബി.സി.എസ്.എസ് - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ യഥാക്രമം മാർച്ച് 22, 23 തീയതികളിൽ കോളേജിൽ വച്ചു നടത്തും.

തൃപ്പൂണിത്തുറ ആർ.എൽ.വി കോളേജിലെ ആറാം സെമസ്റ്റർ ബി.എ മ്യൂസിക് - വീണ (സി.ബി.സി.എസ്.എസ്- റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ഏപ്രിൽ 4 മുതൽ 7 വരെ കോളേജിൽ വച്ചു നടത്തും.

തൃപ്പൂണിത്തുറ ആർ.എൽ.വി കോളേജിലെ 2016 ഒക്ടോബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എ മ്യൂസിക് - വോക്കൽ (സി.ബി.സി.എസ്.എസ്- റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് 23 ന് കോളേജിൽ വച്ചു നടത്തും.

**പരീക്ഷാഫലം**

2016 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്‌സി ജിയോളജി (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷ കൾ മാർച്ച് 27 വരെ സ്വീകരിക്കും.

**പൊസിഷൻ ഹോൾഡേഴ്സ്**

2016 ജൂണിൽ നടത്തിയ എം.എസ്‌സി സ്റ്റാറ്റിസ്റ്റിക്സ് ഡിഗ്രി പരീക്ഷയിൽ എറണാകുളം മഹാരാജാസ് കോളേജിലെ സി.എ ആതിര, മൂവാറ്റുപുഴ നിർമല കോളേജിലെ ആര്യാ രാജൻ, കെ.ജെ. സിൽവിയ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും പൊസിഷൻ നേടി.

**പി.എച്ച്.ഡി നൽകി**

എം.ജി സർവ്വകലാശാലാ വി.ശചീന്ദ്രൻ, കെ.ജെ.ദീപ (കോമേഴ്സ്), കോളാട്ടുകുടി ജോസ് ഷേർളി (ഇക്കണോമിക്സ്), കെ.ജി. രമേഷ്, റ്റി.വി. സുജ (ഇംഗ്ലീഷ്), ഇന്ദു. എം. നായർ, റീനോയ് വർഗ്ഗീസ്, കെ.ജി. ദിവ്യ, എസ്. ജ്യോതി (എൻവയോൺമെന്റൽ സയൻസ്), നിഷ. എസ്. ധരൻ (എഡ്യൂക്കേഷൻ), കെ.എസ്. റിഷാദ് (മൈക്രോബയോളജി), ബി. ഗിരീഷ്കുമാർ (സുവോളജി), പി.പി. ഷാജിത, അനീഷാ ദേവസി (ബയോടെക്നോളജി), എസ്.വീണപ്രിയ, അബി ജോസ് ജോർജ്ജ് (മാനേജ്മെന്റ് സറ്റഡീസ്). ഹേമന്ദ് അരവിന്ദ് (ബയോകെമിസ്ട്രി), അനു ട്രീസ സണ്ണി (കെമിസ്ട്രി), റിന്റു മേരി സെബാസ്റ്റ്യൻ (ഫിസിക്സ്), എം. സുനിൽ ഗ്ലാഡ്സൻ (നിയമം) എന്നിവർക്ക് പി.എച്ച്.ഡി നൽകി.

**ഗവേഷണ ഒഴിവുകൾ**

എം.ജി യൂണിവെഴ്സിറ്റി പരിസ്ഥിതി പഠന കേന്ദ്രത്തിൽ വേമ്പനാട് തടാകവുമായി ബന്ധപ്പെട്ട ഗവേഷണ പ്രൊജക്ടിലേക്കു കരാർ അടിസ്ഥാനത്തിൽ പ്രൊജക്ട് സയന്റിസ്റ്റ്-1, പ്രൊജക്ട് ഫെല്ലോ-4, ടെക്നിക്കൽ അസിസ്റ്റന്റ്-4, ഫീൽഡ് അസിസ്റ്റന്റ്-2 ഒഴിവുണ്ട്. യോഗ്യത പരിസ്ഥിതി ശാസ്ത്രത്തിൽ പി.എച്ച്.ഡി, പരിസ്ഥിതി

ശാസ്ത്രം/രസതന്ത്രം ഇവയിൽ ബിരുദാനന്തര ബിരുദം, ശാസ്ത്ര വിഷയത്തിൽ ബിരുദം. താത്പര്യമുള്ളവർ മാർച്ച് 28 നകം vercmgu@gmail.com എന്ന ഇ മെയിലിലേക്ക് ബയോഡാറ്റ അയക്കണം. വിശദവിവരങ്ങൾ സർവ്വകലാശാലാ വെബ്ബ്സൈറ്റിൽ ലഭ്യമാണ്.

**ദ്വിദിന ദേശീയ സെമിനാർ**

അപ്ലൈഡ് ലൈഫ് സയൻസസിലെ ആധുനിക പ്രവണതകളെ സംബന്ധിച്ച ദ്വിദിന ദേശീയ സെമിനാർ സ്ക്കൂൾ ഓഫ് ബയോ സയൻസ് ഓഡിറ്റോറിയത്തിൽ പ്രോ വൈസ് ചാൻസിലർ ഡോ : ഷീനാ ഷുക്കൂർ ഉദ്ഘാടനം ചെയ്തു. തമിഴ്നാട് അഗ്രികൾച്ചർ സർവ്വകലാശാല വൈസ് ചാൻസിലർ ഡോ : കെ. രാമസ്വാമി സിൻഡിക്കേറ്റംഗം കെ. ഷറഫുദ്ദിൻ, ഡോ : എം. എസ്സ്. ലത, ഡോ : കെ. ജയചന്ദ്രൻ എന്നിവർ പങ്കെടുത്തു. ഡോ : എം. ചന്ദ്രശേഖരൻ, ഡോ : എച്ച്. എച്ച് കൃഷ്ണൻ, ഡോ : സാബു, പ്രൊഫ : ഹരിദാസ്, ഡോ : ജി. എം. നായർ, ഡോ : അനീഷ്കുമാർ, ഡോ : രാജീവ് സുകുമാരൻ, ഡോ : ജി. നാഗേന്ദ്രപ്രഭു എന്നിവർ വിവിധ സെഷനുകളിൽ പങ്കെടുക്കും.

**ഇന്ത്യ – പാക്ക് ബന്ധത്തിൽ സൗഹാർദ്ദപരമായ മാറ്റമുണ്ടാകണം: മണി ശങ്കർ അയ്യർ**

ഇന്ത്യാ-പാക് ബന്ധത്തിന്റെ ചരിത്രപരമായി ഉടലെടുത്ത അസഹിഷ്ണുതയിൽ മാറ്റം വരികയും സൗഹാർദ്ദപരമായ ബന്ധം ഉണ്ടാവുകയും ചെയ്യുകയാണ് ഇന്നിന്റെ ആവശ്യമെന്ന് മുൻ കേന്ദ്രമന്ത്രിയും രാജ്യ സഭാംഗവുമായിരുന്ന ശ്രീ. മണിശങ്കർ അഭിപ്രായപ്പെട്ടു. എം.ജി. സർവ്വകലാശാലയിലെ രാജീവ് ഗാന്ധി ചെയർ ഫോർ പബ്ലിക് പോളിസ് സ്റ്റഡീസും സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സും ചേർന്നു സംഘടിപ്പിച്ച രാജീവ് ഗാന്ധി മെമ്മോറിയൽ പ്രഭാഷണ പരമ്പര ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. പാക്കിസ്ഥാനിൽ ഇന്ത്യൻ കോൺസൽ ജനറലായി സേവനമനുഷ്ഠിച്ചതിന്റെയും മുൻ പ്രധാനമന്ത്രിയായിരുന്ന രാജീവ് ഗാന്ധിയോടൊപ്പം പ്രവർത്തിച്ചതിന്റെയും അടിസ്ഥാനത്തിലായിരുന്നു അദ്ദേഹത്തിന്റെ പ്രഭാഷണം. ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള വിദ്വേഷത്തിനപ്പുറം ഇരുരാജ്യങ്ങളും തമ്മിലുള്ള ചർച്ചകളും കൂട്ടായ പ്രവർത്തനങ്ങളുമാണ് ഇന്നത്തെ പ്രശ്നങ്ങൾക്കുള്ള പരിഹാരമാർഗ്ഗം. മാറ്റിനിർത്തലുകളും ഒറ്റപ്പെടുത്തലുകളും ഇന്ത്യ-പാക് ബന്ധത്തിൽ കൂടുതൽ വിള്ളലുണ്ടാകുവാനേ ഉപകരിക്കൂ. ഇന്ത്യയുടെ ദേശീയ താത്പര്യം എന്നത് സൗഹൃദപരമായ അയൽബന്ധമാണ്. അത് ഇരുരാജ്യങ്ങളുടെയും മാത്രമല്ല സൗത്ത് ഏഷ്യയുടെയും ഏഷ്യയുടെ മൊത്തത്തിലുമുള്ള വളർച്ചയ്ക്കും അനിവാര്യമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. പ്രോ-വൈസ്-ചാൻസലർ ഡോ. ഷീനാ ഷുക്കൂറിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ഡയറക്ടർ ഡോ. എ. എം. തോമസ്, സിൻഡിക്കേറ്റ് മെമ്പർ കെ. ഷറഫുദ്ദീൻ, രാജീവ് ഗാന്ധി ചെയർ കോർഡിനേറ്റർ ഡോ. സി. വിനോദൻ തുടങ്ങിയവർ സംസാരിച്ചു.

**അടിക്കുറിപ്പ്**

അപ്ലൈഡ് ലൈഫ് സയൻസസിലെ ആധുനിക പ്രവണതകളെ സംബന്ധിച്ച ദ്വിദിന ദേശീയ സെമിനാർ പ്രോ വൈസ് ചാൻസിലർ ഡോ : ഷീനാ ഷുക്കൂർ ഉദ്ഘാടനം ചെയ്യുന്നു. ഡോ : കെ. ജയചന്ദ്രൻ, കെ. ഷറഫുദ്ദിൻ, ഡോ : കെ. രാമസ്വാമി എന്നിവർ സമീപം

എം.ജി. സർവ്വകലാശാലയിലെ രാജീവ് ഗാന്ധി ചെയർ ഫോർ പബ്ലിക് പോളിസ് സ്റ്റഡീസും സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സും ചേർന്നു സംഘടിപ്പിച്ച രാജീവ് ഗാന്ധി മെമ്മോറിയൽ പ്രഭാഷണ പരമ്പര ഉദ്ഘാടനം ചെയ്തു ശ്രീ. മണിശങ്കർ അയ്യർ സംസാരിക്കുന്നു . വേദിയിൽ ഡോ. ഷീനാഷുക്കൂർ, ഡോ. എ. എം. തോമസ്, കെ. ഷറഫുദ്ദീൻ, ഡോ. സി. വിനോദൻ.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**